(എ) ഒൻപതു.

(ബി) ഉണ്ടു.

(സി)

	തിരുവനന്തപുരം ബസ്സ്സ്റ്റാൻഡ്	98
2.	തിരുവനന്തപുരം സിറ്റി	85
3.	കൊല്ലം	42
4.	കൊട്ടാരക്കര	30
5	കോട്ടയം	45
6	ആലപ്പുഴ	54
7	എറണാകുളം	24
8.	ആലുവാ	23
9.	തൃശ്ശൂർ	29

ശ്രീ. എൻ. ശിവൻപിള്ള : ബസ്സുകാരുടെ എന്തെങ്കിലും തകരാറുണ്ടായാൽ അതു നന്നാക്കുന്നതിനു വേണ്ടി കമ്പനിക്കാർക്കു നിയോഗിക്കുന്നതിനുള്ള നിർദ്ദേശം.

ശ്രീ. ടി. വി. തോമസ്സ് : അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതു നടപ്പാക്കുന്നുണ്ടു്. എഞ്ചിൻ തകരാറുണ്ടായാൽ അതു നന്നാക്കുകയില്ല.

ശ്രീ. എൻ. ശിവൻപിള്ള : എന്തെങ്കിലും നിസ്സാരമായ ചില തകരാറുകൾ ഇപ്പോൾ അവർ കമ്പനിക്കാരെക്കൊണ്ടു നടത്തിക്കുന്നുണ്ടു്. അതു കൂടി ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. വി. തോമസ്സ് : നിസ്സാരമായ തകരാറുകളെ ഉള്ളുവെങ്കിൽ വണ്ടിയിൽ ഉള്ളവർതന്നെ നന്നാക്കിക്കൊള്ളട്ടെ എന്നു വിചാരിച്ചാണു് അങ്ങനെ വിഴുപ്പിയിൽ ചെയ്യിക്കുന്ന മിഷ്യൻ വേറെ കമ്പനിക്കാരെ ടാസ്ക് ഏല്പിയ്ക്കുന്നതിനു അനുവദിയിച്ചില്ല.

ശ്രീ. കെ. എം. ജോർജ്ജു : വഴിയിൽ കിടക്കുന്ന ബസ്സുകൾ കൃത്യസ്ഥാനത്തിൽ നന്നാക്കി ഓടിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ ? ഇപ്പോൾ നന്നാക്കുന്നതിനു വളരെ കാലതാമസം എടുക്കുന്നുണ്ടു്. ഈ ബോഡ്രേ ശ്രീ. ടി. വി. തോമസ്സ് അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. കേരളത്തിൽ ഇപ്പോൾ ഉള്ള മെസ്സേഴ്സ് ഹിന്ദുസ്ഥാൻ മോട്ടോഴ്സിനു പുറമേ ഒരു കമ്പനിക്കുകൂടി ലൈസൻസ് കൊടുത്തിട്ടുണ്ടു്.

വ്യവസായബന്ധബിൽ.

*1764 [ശ്രീ. പി. കുഞ്ഞിരാമൻ നായർ : ശ്രീ. എൻ. കാണാനന്ദൻ നായർ : ശ്രീ. കെ. കുഞ്ഞമ്പു : ശ്രീ. കെ. കുഞ്ഞമ്പു] തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുള്ളതും സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്നതുമായ വ്യവസായബന്ധബില്ലിന്റെ കാര്യത്തിൽ കേന്ദ്രഗവണ്മെന്റിനു് എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേന്ദ്രഗവണ്മെന്റു് പ്രകടിപ്പിച്ചു് അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

ശതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) ഉണ്ട്.

(ബി) കേന്ദ്രഗവണ്മെൻറിൻെറ അഭിപ്രായം ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതു് എന്നത്തേക്കു പാസ്സാക്കാമെന്നാണു് കരുതുന്നതു് ?

ശ്രീ. ടി. വി. തോമസ്സ് : എല്ലാവരുംകൂടി സഹകരിച്ചാൽ ഒരു ദിവസംകൊണ്ടു് പാസ്സാക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതിനെ സംബന്ധിച്ചു് തൊഴിലാളികളുടേയും, വ്യവസായികളുടേയും അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ ടി. വി. തോമസ്സ് : ഇൻഡസ്ട്രീയൽ റിലേഷൻസ് ബോർഡിൽ ഇതിനെസംബന്ധിച്ചു് ആലോചന നടന്നിട്ടുണ്ടു് ; അവർ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കേന്ദ്രഗവണ്മെൻറിൻെറ അവസാന അഭിപ്രായം തന്നിട്ടില്ലെന്നു പറയുകയുണ്ടായി. പ്രാരംഭ അഭിപ്രായം എന്താണെന്നു അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : കേന്ദ്രഗവണ്മെൻറു് ഇതിനെ സംബന്ധിച്ചു് എതിരായി ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അവസാനമായിട്ടുള്ള അഭിപ്രായം ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഈ നിയമം തൊഴിലാളികളുടെ സമരവീര്യത്തെ നശിപ്പിക്കുന്നതാണെന്നു വിചാരമുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : അങ്ങനെ കരുതിയിട്ടില്ല. ഈ ബില്ലിലുള്ള പ്രൊവിഷൻസ് എല്ലാം, ഇവിടത്തെ തൊഴിലാളി പ്രതിനിധികളും, സെൻട്രൽഗവണ്മെൻറിൻെറ പ്രതിനിധികളും, കേരളഗവണ്മെൻറിൻെറ പ്രതിനിധികളുംകൂടി നൈനിറ്റാളിൽവച്ചുകൂടിയ കാൺഫറൻസിൽ അംഗീകരിച്ചിട്ടുള്ളതാണു്. സമരവീര്യം നശിപ്പിക്കുന്നവയാണു് അവ എന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീമതി കുസുമം ജോസഫ് : എല്ലാവരുടേയും സഹകരണമുണ്ടെങ്കിൽ ഒരു ദിവസംകൊണ്ടു് ബില്ലു പാസ്സാക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇനിയുള്ള ബില്ലുകൾക്കൊന്നിനും പ്രതിപക്ഷങ്ങൾ സഹകരിക്കുകയില്ലെന്നറിയാമോ ?

മി. സ്പീക്കർ : ആ ചോദ്യത്തിനു് ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുൻപു് കേന്ദ്രഗവണ്മെൻറിൻെറ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : ഡ്രാഫ്റ്റു് അയച്ചുകൊടുത്തിട്ടുണ്ടു്. സിലക്ടുകമ്മിറ്റി സ്റ്റേജിനുമുമ്പു് മിക്കവാറും അഭിപ്രായം വന്നുചേരുമെന്നു പ്രതീക്ഷിക്കുന്നു.

Industrial Development in the Kottayam District.

* 1765 [12] **Shri M. C. Abraham :** Will the Minister for Industries be pleased to state :

(a) The total amount set apart for industrial development for the Kottayam District in this financial year ; and

(b) The items of industrial development for which the amount is set apart and the amount set apart for each item ?

LIBRARY ARCHIVES Kerala Legislative Assembly